പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 150

# 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 150

# 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ

2096/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 150

# 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ

സംസ്ഥാനത്തിനകത്തെ ജലവിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം സുഗമമാക്കുന്നതിനും കുടിക്കുന്നതിനും കാർഷികവും വ്യാവസായികവും മറ്റിതര ആവശ്യങ്ങൾക്കുമായി അതിന്റെ സുസ്ഥിരവും ശാസ്ത്രീയവുമായ പരിപാലനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തിനുവേണ്ടി കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ ജലവിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം സുഗമമാക്കുന്നതിനും കുടിക്കുന്നതിനും കാർഷികവും വ്യാവസായികവും മറ്റിതര ആവശ്യങ്ങൾക്കുമായി അതിന്റെ സുസ്ഥിരവും ശാസ്ത്രീയവുമായ പരിപാലനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തിനുവേണ്ടി കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 ഫെബ്രുവരി 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2096/2012.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'അതോറിറ്റി' എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി എന്നർത്ഥമാകുന്നു ;

(ബി) 'ചെയർപേഴ്സൺ' എന്നാൽ അതോറിറ്റിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു ;

(സി) 'ഉപയോഗത്തിന്റെ വിഭാഗം' എന്നാൽ ഗാർഹികം, കാർഷിക ജലസേചനം, കാർഷികാടിസ്ഥാന വ്യവസായങ്ങൾ, വ്യാവസായികം അല്ലെങ്കിൽ വാണിജ്യം, പാരിസ്ഥിതികം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ജലത്തിന്റെ ഉപയോഗം എന്നർത്ഥമാകുന്നതും അതിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ആവശ്യങ്ങളും ഉൾപ്പെടുന്നതുമാകുന്നു ;

(ഡി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഇ) 'ജലസേചന പദ്ധതി' എന്നാൽ കമാൻഡ് ഏരിയയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയിൽ പ്രോജക്ട് റിപ്പോർട്ടനുസരിച്ചും ഈ കാര്യത്തിനായി കാലാകാലങ്ങളിൽ പരിഷ്ക്കരിച്ചു പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതവുമായി ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനായി നിർമ്മിച്ച ഒരു പദ്ധതി എന്നർത്ഥമാകുന്നു ;

(എഫ്) 'അംഗം' എന്നാൽ അതോറിറ്റിയിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു ;

(ജി) 'വിജ്ഞാപനം' എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(എച്ച്) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഐ) 'സെലക്ഷൻ കമ്മിറ്റി' എന്നാൽ 5-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട ഒരു സെലക്ഷൻ കമ്മിറ്റി എന്നർത്ഥമാകുന്നു ;

(ജെ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(കെ) 'വാട്ടർ യൂസേഴ്സ് അസോസിയേഷൻ' എന്നാൽ 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31) നിർവ്വചിച്ചിട്ടുള്ള വാട്ടർ യൂസേഴ്സ് അസോസിയേഷൻ എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്തെ, ജലസേചനവുമായോ അല്ലെങ്കിൽ ജലവിഭവവുമായോ ബന്ധപ്പെട്ട വിവിധ നിയമങ്ങളിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്റ്റുകളിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

അദ്ധ്യായം II

## അതോറിറ്റിയുടെ രൂപീകരണം

3. അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, വിജ്ഞാപനംവഴി ഈ ആക്റ്റ് നിലവിൽവന്ന തീയതി മുതൽ ഒരുവർഷത്തിനകം ഈ ആക്റ്റിൻകീഴിലുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനായി കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി കരാറുകളിൽ ഏർപ്പെടുന്നതിനും സ്ഥാവരജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനുമുള്ള അധികാരത്തോടുകൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. അതോറിറ്റിയുടെ ഘടന.—(1) അതോറിറ്റിയിൽ ചെയർപേഴ്സൺ ഉൾപ്പെടെ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(2) ചെയർപേഴ്സണേയും മറ്റംഗങ്ങളേയും 5-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയിന്മേൽ കേരള ഗവർണ്ണർ നിയമിക്കേണ്ടതാണ്.

(3) സർക്കാർ സർവ്വീസിൽ ചീഫ് എഞ്ചിനീയർ പദവിയിലുള്ള ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റു രണ്ടംഗങ്ങളിൽ ഒരാൾ ജലവിഭവ എഞ്ചിനീയറിംഗ് മേഖലയിലെ ഒരു വിദഗ്ദ്ധനും മറ്റേയാൾ ഒരു സർക്കാർ കോളേജിൽ പ്രൊഫസർ പദവിയിൽ താഴെയല്ലാത്ത ജലവിഭവ മേഖലയിലെ ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനും ആയിരിക്കേണ്ടതാണ്.

(4) അതോറിറ്റിക്ക് ആവശ്യമുള്ളപ്പോഴെല്ലാം,—

(എ) നയപരമായ തീരുമാനമെടുക്കുന്നതിന് അതോറിറ്റിയെ സഹായിക്കുന്നതിനായി എഞ്ചിനീയറിംഗ്, കൃഷി, കുടിവെള്ളം, വ്യവസായം, നിയമം, സാമ്പത്തികം, വാണിജ്യം, ധനം, മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കഴിവു തെളിയിച്ചതോ പരിചയസമ്പത്തോ മതിയായ അറിവോ ഉള്ള വിദഗ്ദ്ധരിൽനിന്നും ;

(ബി) സംസ്ഥാനത്തിനകത്തെ കർഷക സംഘടനകളിലെ അംഗങ്ങളിൽ നിന്നും ;

പ്രത്യേക ക്ഷണിതാക്കളെ ക്ഷണിക്കാവുന്നതാണ്.

(5) അതോറിറ്റിയിലെ അംഗങ്ങൾ മറ്റേതെങ്കിലും ആദായകരമായ ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല.

5. <u>സെലക്ഷൻ കമ്മിറ്റിയുടെ രൂപീകരണവും ചുമതലകളും</u>.—(1) സർക്കാർ, വിജ്ഞാപനംമൂലം, അതോറിറ്റിയിലെ ചെയർപേഴ്സണേയും മറ്റ് അംഗങ്ങളേയും തെരഞ്ഞെടുക്കുന്നതിന്റെ ആവശ്യത്തിലേക്കായി,—

(എ) സംസ്ഥാനത്തെ ചീഫ് സെക്രട്ടറി—<u>എക്സ്-ഒഫീഷ്യോ</u> ചെയർപേഴ്സൺ ;

(ബി) ധനകാര്യവകുപ്പ് സെക്രട്ടറി—<u>എക്സ്-ഒഫീഷ്യോ അംഗം</u> ;

(സി) ജലവിഭവ വകുപ്പിന്റെയും കമാൻഡ് ഏരിയ വികസനത്തിന്റെയും സെക്രട്ടറി—കൺവീനർ

എന്നിവരടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയിലെ അംഗത്തിന്റെയോ ചെയർപേഴ്സന്റെയോ മരണമോ രാജിയോ പുറത്താക്കലോ കാരണം ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവ് ആ തീയതി മുതൽ ഒരു മാസത്തിനകവും ഏതെങ്കിലും അംഗത്തിന്റെയോ ചെയർപേഴ്സന്റെയോ വിരമിക്കലിന്റെ അല്ലെങ്കിൽ കാലാവധി അവസാനിക്കുന്നതിന്റെ ആറുമാസം മുൻപും സെലക്ഷനുവേണ്ടി സെലക്ഷൻ കമ്മിറ്റിക്ക് അറിയിപ്പ് നൽകേണ്ടതാണ്.

(3) സെലക്ഷൻ കമ്മിറ്റി, അതിന് അറിയിപ്പ് കിട്ടിയ തീയതിമുതൽ ഒരു മാസത്തിനകം ചെയർപേഴ്സന്റേയും അംഗങ്ങളുടേയും സെലക്ഷൻ പൂർത്തിയാക്കേണ്ടതാണ്.

(4) സെലക്ഷൻ കമ്മിറ്റി അതിന് റഫർ ചെയ്ത ഓരോ ഒഴിവിനു വേണ്ടിയും രണ്ടുപേരുകളുള്ള ഒരു പാനൽ ശുപാർശ ചെയ്യേണ്ടതാണ്.

(5) അതോറിറ്റിയുടെ ചെയർപേഴ്സണായോ അംഗമായോ നിയമിക്കുന്നതിന് വേണ്ടി ആരെയെങ്കിലും ശുപാർശ ചെയ്യുന്നതിനുമുൻപ്, അംഗമെന്ന നിലയിൽ അയാളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചേക്കാവുന്ന എന്തെങ്കിലും സാമ്പത്തികമോ മറ്റേതെങ്കിലും താൽപ്പര്യമോ അയാൾക്ക് ഇല്ലായെന്ന് സെലക്ഷൻ കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

(6) സെലക്ഷൻ കമ്മിറ്റിയിൽ ഏതെങ്കിലും ഒഴിവുണ്ടെന്ന കാരണത്താൽ മാത്രം അതോറിറ്റിയിലെ ചെയർപേഴ്സന്റേയും അംഗങ്ങളുടേയും നിയമനം അസാധുവാകുന്നതല്ല.

6. <u>ഉദ്യോഗ കാലാവധി</u>.—(1) അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങളും അഞ്ച് വർഷക്കാലത്തേക്കോ അല്ലെങ്കിൽ അറുപത്തിയഞ്ച് വയസ്സ് തികയുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) ചെയർപേഴ്സണും അതോറിറ്റിയിലെ അംഗങ്ങളും രണ്ടാംതവണ നിയമിക്കപ്പെടുന്നതിന് യോഗ്യരായിരിക്കുന്നതല്ല.

7. <u>അംഗങ്ങളുടെ ശമ്പളവും ബത്തകളും</u>.—(1) അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ശമ്പളവും ബത്തകളും നൽകേണ്ടതാണ്.

(2) അതോറിറ്റിയിലെ ചെയർപേഴ്സന്റേയും അംഗങ്ങളുടേയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിയമനത്തിനുശേഷം അവർക്ക് പ്രതികൂലമായി വ്യത്യാസപ്പെടുത്താൻ പാടുള്ളതല്ല.

8. സേവന വ്യവസ്ഥകൾ.—(1) 6-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും,—

(എ) സ്വന്തം കൈപ്പടയിൽ എഴുതി സർക്കാരിനെ അഭിസംബോധന ചെയ്യുന്ന മൂന്നുമാസത്തിൽ കുറയാത്ത ഒരു നോട്ടീസ് നൽകിയശേഷം ഏതു സമയത്തും അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതും ; അല്ലെങ്കിൽ

(ബി) 9-ാം വകുപ്പിന്റെ വ്യവസ്ഥകൾ അനുസരിച്ച് അയാളുടെ ഉദ്യോഗത്തിൽനിന്നും അയോഗ്യനാക്കപ്പെടാവുന്നതും ആണ്.

(2) അങ്ങനെ ഔദ്യോഗിക പദവി അവസാനിക്കുന്ന അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും,—

(എ) അയാളുടെ അങ്ങനെയുള്ള ഔദ്യോഗിക കാലാവധി അവസാനിച്ച തീയതിമുതൽ രണ്ടു വർഷക്കാലത്തേക്ക് സർക്കാരിനുകീഴിൽ വീണ്ടും ജോലിക്ക് യോഗ്യത ഉണ്ടായിരിക്കുകയോ ;

(ബി) അയാളുടെ അങ്ങനെയുള്ള ഔദ്യോഗിക കാലാവധി അവസാനിച്ച തീയതിമുതൽ രണ്ടുവർഷത്തേക്ക് ഏതെങ്കിലും വാണിജ്യപരമായ തൊഴിൽ സ്വീകരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) "സർക്കാരിന് കീഴിലുള്ള തൊഴിൽ" എന്നതിൽ സംസ്ഥാനത്തിന്റെ പരിധിയിലുള്ള ഏതെങ്കിലും തദ്ദേശ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനു കീഴിലോ അല്ലെങ്കിൽ സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലോ അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷന്റെയോ സൊസൈറ്റിയുടെയോ കീഴിലുള്ള തൊഴിൽ ഉൾപ്പെടുന്നതാകുന്നു.

(ii) "വാണിജ്യപരമായ തൊഴിൽ" എന്നാൽ ജലവിഭവമേഖലയിൽ വ്യാപാരപരമോ വാണിജ്യപരമോ വ്യാവസായികമോ അല്ലെങ്കിൽ ധനകാര്യപരമോ ആയ ബിസിനസ്സിൽ ഏർപ്പെട്ടിട്ടുള്ള ഒരാളുടെ അല്ലെങ്കിൽ ഏജൻസിയുടെ കീഴിലുള്ള ഏതെങ്കിലും നിലയിലുള്ള തൊഴിൽ എന്നർത്ഥമാകുന്നതും കൂടാതെ ഒരു കമ്പനിയുടെ ഡയറക്ടറോ ഒരു ഫേമിന്റെ പങ്കാളിയോ ഉൾപ്പെടുന്നതും കൂടാതെ സ്വതന്ത്രമായോ അല്ലെങ്കിൽ ഒരു ഫേമിന്റെ പങ്കാളിയായോ ഒരു ഉപദേഷ്ടാവായോ ഒരു ഉപദേശകനായോ പ്രാക്ടീസിൽ ഏർപ്പെടുന്നതും ഉൾപ്പെടുന്നതാകുന്നു.

9. അതോറിറ്റിയിലെ അംഗത്വത്തിനുള്ള അയോഗ്യതകൾ.—(1) ഒരാൾ,—

(എ) സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും അങ്ങനെയാണെന്ന് ക്ഷമതയുള്ള ഒരു കോടതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ മാനസികമോ ശാരീരികമോ ആയ വൈകല്യംമൂലം അത്തരത്തിൽ തുടരുന്നതിന് കഴിവില്ലാതായിത്തീരുകയോ ചെയ്തിട്ടുണ്ടെങ്കിൽ ; അല്ലെങ്കിൽ

(ബി) അവിമുക്ത നിർദ്ധനനായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ; അല്ലെങ്കിൽ

(സി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗികദൂഷ്യമോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകളോ ഉൾപ്പെടുന്ന ഒരു കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളയാളാണെങ്കിൽ ; അല്ലെങ്കിൽ

(ഡി) അതോറിറ്റിയിലെ അംഗമെന്ന നിലയിൽ അയാളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചേക്കാവുന്ന അങ്ങനെയുള്ള സാമ്പത്തികമോ മറ്റിതര താൽപ്പര്യമോ അയാൾക്കുണ്ടെങ്കിൽ; അല്ലെങ്കിൽ,

(ഇ) പൊതുജനഹിതത്തിനെതിരായി തത്സ്ഥാനത്ത് തുടരുന്നതിനുവേണ്ടി തന്റെ ഔദ്യോഗികസ്ഥാനം അയാൾ ദുരുപയോഗപ്പെടുത്തിയതായി സംശയാതീതമായി തെളിയിക്കപ്പെടുകയാണെങ്കിൽ,

അയാൾ അതോറിറ്റിയുടെ അംഗമായോ ചെയർപേഴ്സണായോ നിയമിക്കപ്പെടുന്നതിനോ തുടരുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി അതോറിറ്റിയുടെ ചെയർപേഴ്സണെയോ അംഗങ്ങളെയോ, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ അനുസരിച്ച് നടത്തിയ ഒരു അന്വേഷണത്തിൽ തെളിയിക്കപ്പെട്ട പെരുമാറ്റദൂഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഗവർണ്ണറുടെ ഉത്തരവുമൂലം ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അന്വേഷണ കാലയളവിൽ അതോറിറ്റിയിലെ ചെയർപേഴ്സണെയോ അംഗങ്ങളെയോ ഗവർണ്ണർക്ക് സസ്പെൻഡ് ചെയ്യാവുന്നതാണ്.

10. ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കുന്നതിന് അതോറിറ്റിക്കുള്ള അധികാരവും അവരുടെ സേവന വ്യവസ്ഥകളും.—അതോറിറ്റിക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഒരു സെക്രട്ടറിയെയും അതിന് ആവശ്യമെന്നു തോന്നുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയമിക്കാവുന്നതാണ്.

11. അതോറിറ്റിയുടെ സിറ്റിംഗ്.—(1) ചെയർപേഴ്സൺ തീരുമാനിക്കുന്ന അങ്ങനെയുള്ള സമയങ്ങളിലും അങ്ങനെയുള്ള സ്ഥലത്തും അതോറിറ്റി അതിന്റെ സിറ്റിംഗ് നടത്തേണ്ടതാണ്.

(2) അതോറിറ്റിയുടെ സിറ്റിംഗിനുവേണ്ട ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ രണ്ട് ആയിരിക്കേണ്ടതാണ്.

(3) അതോറിറ്റിയുടെ ഒരു സിറ്റിംഗിന് പങ്കെടുക്കുന്നതിന് ചെയർപേഴ്സണ് കഴിയാതെവന്നാൽ, അതിനുവേണ്ടി ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും അംഗവും അങ്ങനെയുള്ള നാമനിർദ്ദേശത്തിന്റെ അഭാവത്തിലോ അല്ലെങ്കിൽ ചെയർപേഴ്സൺ ഇല്ലാതിരിക്കുന്നിടത്തോ ഹാജരായ അംഗങ്ങൾ അവരിൽനിന്ന് തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒരംഗം സിറ്റിംഗിന് അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(4) അതോറിറ്റിയുടെ എല്ലാ തീരുമാനങ്ങളും ഭൂരിപക്ഷാടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.

(5) അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും സെക്രട്ടറിയോ അല്ലെങ്കിൽ ചെയർപേഴ്സൺ ഇതിലേക്കായി യഥാവിധി അധികാരപ്പെടുത്തിയ അതോറിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

12. ഒഴിവുകൾ മുതലായവ പ്രവർത്തിയെയോ അല്ലെങ്കിൽ നടപടികളെയോ അസാധുവാക്കുന്നതല്ലെന്ന്.—അതോറിറ്റിയിൽ ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നു എന്ന കാരണത്താൽമാത്രം അതോറിറ്റിയുടെ യാതൊരു പ്രവർത്തിയേയും അല്ലെങ്കിൽ നടപടികളേയും ചോദ്യം ചെയ്യപ്പെടാനോ അസാധുവാക്കപ്പെടാനോ പാടുള്ളതല്ല.

## അദ്ധ്യായം III

## അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും

13. അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.—അതോറിറ്റിക്ക് ഇനിപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) വിവിധ വിഭാഗങ്ങളിലുള്ള ഉപയോക്താക്കളുടെ ജല ആവശ്യകത വാർഷികാടിസ്ഥാനത്തിലോ അല്ലെങ്കിൽ കാലികാടിസ്ഥാനത്തിലോ തീരുമാനിക്കുക ;

(ii) പ്രോജക്റ്റ് കമ്മിറ്റി, ഡിസ്ട്രിബ്യൂട്ടർ കമ്മിറ്റി, വാട്ടർ യൂസേഴ്സ് അസോസിയേഷൻ തുടങ്ങി വിവിധ തലങ്ങളിലുള്ള കർഷക സംഘടനകൾക്ക്, ആവശ്യമുള്ള ജലസേചനത്തിനായുള്ള ജലത്തിന്റെ ആവശ്യകത തീരുമാനിക്കുക ;

(iii) പദ്ധതി മാനേജ്മെന്റിന്റെ ചെലവ്, ഭരണനിർവ്വഹണം, പ്രവർത്തനവും കേടുപാടുതീർക്കലും എന്നിവ അടിസ്ഥാനമാക്കി പൊതുഗുണഭോക്താക്കളുടെ അഭിപ്രായം അറിഞ്ഞശേഷം അങ്ങനെയുള്ള ജലവിഭവ പദ്ധതികൾക്ക് ഒരു വാട്ടർ താരിഫ് സംവിധാനം സ്ഥാപിക്കുകയും വിവിധതലങ്ങളിലുള്ള ഗാർഹികവും, ജലസേചനവും, വ്യാവസായികവും ആയ അങ്ങനെയുള്ള വ്യത്യസ്ത ഉപയോക്താക്കൾക്കുവേണ്ടി വാട്ടർ ചാർജ്ജിന്റെ മാനദണ്ഡം നിശ്ചയിക്കുകയും ചെയ്യുക ;

(iv) ജലസേചനത്തിന്റെയും വിവിധോദ്ദേശ്യ ജലപദ്ധതികളുടേയും മതിയായ പ്രവർത്തനത്തിനും പരിപാലനത്തിനും വേണ്ട ചെലവ് നിശ്ചയിക്കുക. അതിനായി സിസ്റ്റത്തിന്റെ പ്രവർത്തനരാഹിത്യവും ആവശ്യമായ അറ്റകുറ്റപ്പണികളും സേവനത്തിന്റെ ഗുണമേന്മയ്ക്ക് ദോഷകരമാകില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി അതോറിറ്റി തീരുമാനിക്കുന്ന അങ്ങനെയുള്ള പദ്ധതികളുടെ മുഴുവൻ പ്രവർത്തനത്തിനും പരിപാലനത്തിനും ആവശ്യമുള്ള വ്യവസ്ഥകൾ മതിയായ ബഡ്ജറ്ററി സഹായത്തോടെ സംസ്ഥാനം ഉറപ്പുവരുത്തേണ്ടതാണ് ;

(v) ജലസേചന സംവിധാനങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും അതുപോലെതന്നെ സേവനങ്ങളുടെ നിലവാരത്തിനുംവേണ്ടി കർഷക സംഘടനകൾക്ക് പ്രവർത്തനത്തിനും പരിപാലനത്തിനുമുള്ള തുക വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളോ നടപടികളോ സമ്പ്രദായങ്ങളോ വ്യവസ്ഥചെയ്തുകൊണ്ട് ജലസേചനത്തിനുള്ള ജലത്തിന്റെ ഫലപ്രദമായ പരിപാലനം പ്രോത്സാഹിപ്പിക്കുക ;

(vi) ജലസേചന സംവിധാനത്തിന്റെ പ്രവർത്തനത്തിനും പലിപാലനത്തിനും ചാക്രിക അറ്റകുറ്റപ്പണികൾക്കും ചുരുങ്ങിയ തോതിലുള്ള പുനഃസ്ഥാപനത്തിനുംവേണ്ട സാങ്കേതിക നിലവാരം നിരീക്ഷിക്കുക ;

(vii) പ്രോജക്റ്റ് അതോറിറ്റികൾ "സമ്പൂർണ്ണ ജലസേചന" തത്വം നടപ്പിലാക്കി എന്ന് ഉറപ്പുവരുത്തുക ;

(viii) ജലവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജലം പാഴാകുന്നത് കുറയ്ക്കുന്നതിനുമായി,—

(എ) വിവിധ ജല ഉപയോക്താക്കളും ഗാർഹിക ഉപയോഗത്തിനുള്ള ജലവിതരണക്കാരും വകുപ്പുകളും ജലവിഭവങ്ങളുടെ പലിപാലനത്തിനുവേണ്ടിയുള്ള നിർദ്ദിഷ്ട ഗുണനിലവാരം നിശ്ചയിക്കുകയും നടപ്പാക്കുന്നത് നിരീക്ഷിക്കുകയും ലംഘനങ്ങൾക്കെതിരെ നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുക ;

(ബി) ഗാർഹിക ജലവിതരണ ദാതാക്കൾ ഉൾപ്പെടെയുള്ള വിവിധ ജലവിഭവ സേവന ദാതാക്കൾ നൽകേണ്ട സേവനങ്ങളുടെ നിർദ്ദിഷ്ട ഗുണനിലവാരം നിശ്ചയിക്കുകയും നടപ്പിലാക്കുന്നത് നിരീക്ഷിക്കുകയും ലംഘനത്തിനെതിരെ നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുക ;

(സി) വിവിധ ജല ഉപയോക്താക്കൾക്ക് പാഴ്ജല സംസ്കരണത്തിനായി നിശ്ചിത ഗുണനിലവാരം നിശ്ചയിക്കുകയും നടപ്പിലാക്കുന്നത് നിരീക്ഷിക്കുകയും ലംഘനങ്ങൾക്കെതിരെ നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുക ;

(ഡി) സംസ്ഥാനത്തെ എല്ലാ ജലവിഭവങ്ങളുടേയും സംരക്ഷണത്തിനു വേണ്ടി നിശ്ചിത നിലവാരം നിശ്ചയിക്കുകയും നടപ്പിലാക്കുകയും മലിനീകരണം ഉൾപ്പെടെ നിരീക്ഷിക്കുകയും ചെയ്യുക ;

(ഇ) ബന്ധപ്പെട്ട സംസ്ഥാന ഏജൻസികളുടെ പൂർണ്ണ ഏകോപനത്തോടുകൂടി സംസ്ഥാനത്തെ ജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും പരിപാലിക്കുന്നതിനും പിന്തുണയും സഹായവും നൽകുകയും അങ്ങനെ ചെയ്യുന്നതു വഴി "മലിനീകരണം നടത്തുന്ന ആൾ പണം നൽകുക" എന്ന തത്വം പിൻതുടരുകയും ചെയ്യുക ;

(ix) പ്രോജക്ട് അതോറിറ്റികൾ ഇനി പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് ഉറപ്പാക്കുക, അതായത് :—

(എ) പ്രോജക്ട് അടിസ്ഥാനത്തിലുള്ള ജലസേചനക്ഷമതയും അതിന്റെ യഥാർത്ഥ ഉപയോഗത്തിന്റേയും പ്രോജക്ടുമായി ബന്ധപ്പെട്ട ജല ഉപയോഗ കാര്യക്ഷമതയുടേയും ഉൽപ്പാദനക്ഷമതയുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ജലസേചനവുമായി ബന്ധപ്പെട്ട എല്ലാ സ്ഥിതിവിവരപ്പട്ടികയും ഉൾപ്പെടുന്ന ജലസേചന അവസ്ഥ ;

(ബി) മറ്റു പദ്ധതികൾക്ക് അനുകരിക്കാവുന്നവിധത്തിൽ ജലസേചന പദ്ധതികളെയോ വിവിധോദ്ദേശ്യ ജല പദ്ധതികളെയോ ബെഞ്ച്മാർക്ക് ചെയ്തുകൊണ്ട് ഏറ്റവും നല്ല മാനേജ്മെന്റ് പ്രവർത്തനങ്ങൾ ഉള്ള പദ്ധതികൾ കണ്ടെത്തൽ ;

(സി) പദ്ധതികൾക്ക് ക്രമവും ശാസ്ത്രീയവുമായി ജലത്തിന്റെ കണക്ക് നൽകിക്കൊണ്ട് ജലസേചനത്തിന്റെയോ വിവിധോദ്ദേശ്യ ജലപദ്ധതികളുടെയോ ജല ആഡിറ്റ് ;

(ഡി) ഗാർഹിക ജലവിതരണക്കാരുടെ ജല ആഡിറ്റ് ;

(x) നിശ്ചയിച്ചപ്രകാരം അവരുടെ അംഗങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടി കർഷക സംഘടനകൾക്കും മറ്റ് വാട്ടർ യൂസേഴ്സ്

അസോസിയേഷനുകൾക്കും സാമ്പത്തികസഹായം നൽകുന്നതിനോ ഈടാക്കുന്നതിനോ വേണ്ടി അനുയോജ്യമായ ഒരു സംവിധാനം അതോറിറ്റി ഉണ്ടാക്കേണ്ടതാണ് ;

(xi) ഈ ആക്റ്റിനുകീഴിലുള്ള അധികാരം വിനിയോഗിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശങ്ങൾ പാലിക്കാത്ത സംഗതിയിൽ അങ്ങനെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ മതിയായ അച്ചടക്കനടപടി ആരംഭിക്കുന്നതിന് സർക്കാരിനോട് അതോറിറ്റി ശുപാർശ ചെയ്യേണ്ടതാണ് ;

(xii) അതോറിറ്റി മൂന്നു വർഷത്തിലൊരിക്കൽ വാട്ടർ ചാർജ്ജ് പുനഃപരിശോധിക്കുകയും പുതുക്കുകയും ചെയ്യേണ്ടതാണ് ;

(xiii) സർക്കാർ, വിജ്ഞാപനംമൂലം അതോറിറ്റിയെ ഏൽപ്പിക്കുന്ന മറ്റേതെങ്കിലും അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യുക.

14. അതോറിറ്റിയുടെ പൊതുനയങ്ങൾ.—സംസ്ഥാന ജലനയത്തിന്റെ ചട്ടക്കൂടിനും സംസ്ഥാനത്ത് നിലവിലുള്ള മറ്റ് നിയമങ്ങൾ അനുസരിച്ചും അതോറിറ്റി പ്രവർത്തിക്കേണ്ടതാണ്.

## അദ്ധ്യായം IV

## കണക്കുകളും ഓഡിറ്റും റിപ്പോർട്ടുകളും

15. അതോറിറ്റിക്കുള്ള ഗ്രാന്റുകളും അഡ്വാൻസുകളും.—സർക്കാരിന്, സംസ്ഥാന നിയമസഭ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, ഈ ആക്റ്റിൻകീഴിൽ അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഗ്രാന്റുകളും അഡ്വാൻസുകളും അതോറിറ്റിക്ക് നൽകാവുന്നതും അങ്ങനെയുള്ള എല്ലാ ഗ്രാന്റുകളും അഡ്വാൻസുകളും സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും അനുസരിച്ചായിരിക്കേണ്ടതുമാണ്.

16. അതോറിറ്റിയുടെ ബഡ്ജറ്റ്.—അതോറിറ്റി ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും അതിന്റെ അടുത്ത സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് സർക്കാരിലേക്ക് അയയ്ക്കേണ്ടതുമാണ്.

17. അതോറിറ്റിയുടെ അക്കൗണ്ടുകൾ.—(1) അതോറിറ്റി ശരിയായ അക്കൗണ്ടുകളും മറ്റ് പ്രസക്തമായ രേഖകളും സൂക്ഷിച്ചുപോരേണ്ടതും അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് സർക്കാർ, അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) അതോറിറ്റിയുടെ അക്കൗണ്ടുകൾ അക്കൗണ്ടന്റ് ജനറൽ വർഷംതോറും ആഡിറ്റ് നടത്തേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവ് അതോറിറ്റി അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതുമാണ്.

(3) അക്കൗണ്ടന്റ് ജനറലിനും ഈ ആക്റ്റിൻകീഴിൽ അതോറിറ്റിയുടെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന ഏതൊരാൾക്കും, സാധാരണയായി അക്കൗണ്ടന്റ് ജനറലിന്, സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് ചെയ്യുമ്പോഴുള്ള അതേ അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും,

പ്രത്യേകിച്ചും ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടാനും അതോറിറ്റിയുടെ ഏതൊരു ആഫീസും പരിശോധിക്കുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(4) അക്കൗണ്ടന്റ് ജനറലോ അദ്ദേഹം ഈ ആവശ്യത്തിലേക്കായി നിയോഗിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള അതോറിറ്റിയുടെ അക്കൗണ്ടുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം അതോറിറ്റി വർഷംതോറും സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സർക്കാർ അത് ലഭിച്ച തീയതിമുതൽ ആറുമാസക്കാലത്തിനകം ആഡിറ്റ് റിപ്പോർട്ട് സംസ്ഥാന നിയമസഭ മുമ്പാകെ വയ്പ്പിക്കേണ്ടതുമാണ്.

18. അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്.—(1) അതോറിറ്റി ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അത് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള തീയതിയിലോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് സർക്കാരിന് അത് ലഭിച്ചതിനുശേഷം ആറുമാസത്തിനകം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

19. സർക്കാരിന്റെ പൊതു അധികാരങ്ങൾ.—സർക്കാരിന്, പൊതുവായ ആസൂത്രണവും ഏകോപനവും ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ജലവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതോറിറ്റിക്ക് നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

20. അതോറിറ്റിയിലെ അംഗങ്ങളും, ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും പബ്ലിക് സർവന്റ് ആയിരിക്കുമെന്ന്.—അതോറിറ്റിയുടെ ചെയർപേഴ്സൺ, അംഗങ്ങൾ, ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

21. ഉത്തമ വിശ്വാസത്തിലെടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ റഗുലേഷനുകളോ പ്രകാരമോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് അതോറിറ്റിയുടെ ചെയർപേഴ്സണോ അംഗങ്ങൾക്കോ സെക്രട്ടറിക്കോ മറ്റു ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ ശിക്ഷാ നടപടിയോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

22. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സന്ദർഭം ആവശ്യപ്പെടുന്നപ്രകാരം, സർക്കാരിന് ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതുകാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ് :

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിമുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

23. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി സർക്കാരിന് വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ, യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

24. തർക്കപരിഹാര സംവിധാനം.—(1) സർക്കാർ, ഈ ആക്റ്റിൻകീഴിൽ നിശ്ചയിച്ചപ്രകാരമുള്ള ജലം നൽകുന്നതും വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനായി ക്ഷമതയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ഉദ്യോഗസ്ഥരെയോ ഓരോ പദ്ധതിയുടേയും പ്രാഥമിക തർക്കപരിഹാര ഉദ്യോഗസ്ഥനായി ഇതിനായി പുറപ്പെടുവിക്കുന്ന ഉത്തരവിലൂടെ അധികാരപ്പെടുത്തേണ്ടതാണ്.

(2) തർക്കങ്ങൾ കേൾക്കുന്ന സമയത്ത് പ്രാഥമിക തർക്കപരിഹാര ഉദ്യോഗസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

25. റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അതോറിറ്റിയുടെ അധികാരം.—അതോറിറ്റിക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ഈ ആക്റ്റിനും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും അനുസരണമായി, അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

26. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ് (2012-ലെ 42) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

13-ാം ധനകാര്യ കമ്മീഷൻ ഓരോ സംസ്ഥാനത്തും സംസ്ഥാനത്തിനകത്തെ ജലവിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം സുഗമമാക്കുന്നതിനും വാട്ടർ താരിഫ് തീരുമാനിക്കുന്നതിനും ഗാർഹികവും കാർഷികവും വ്യാവസായികവുമായ ആവശ്യങ്ങൾക്കും കുടിക്കുന്നതിനും ഉപയോഗിക്കുന്ന വെള്ളത്തിന്റെ ചാർജ്ജ് നിശ്ചയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വിതരണം നടത്തുന്നതിനും അതിന്റെ സുസ്ഥിരവും ശാസ്ത്രീയവുമായ പരിപാലനം ഉറപ്പാക്കുന്നതിനുമുള്ള ജലമേഖലയിലെ ചെലവും വരുമാനവും ആനുകാലികമായി പുനരവലോകനം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി ജലവിഭവ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഈ ശുപാർശ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ ജലവിഭവങ്ങളുടെ സുസ്ഥിരവും ശാസ്ത്രീയവുമായ പരിപാലനം ഉറപ്പാക്കുന്നതിനും മേൽപ്പറഞ്ഞ വിവിധ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കും ജലമേഖലയിലെ ചെലവും വരുമാനവും ആനുകാലികമായി പുനരവലോകനം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശം ഉടനടി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടിയിരുന്നതിനാലും 2011-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ്, 2011 നവംബർ 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 55-ാം നമ്പർ ഓർഡിനൻസായി 2011 നവംബർ 30-ാം തീയതിയിലെ 2256-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2011 ഡിസംബർ 9-ാം തീയതി ആരംഭിച്ച് അന്നേദിവസം അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ്, 2012 ജനുവരി 16-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 8-ാം നമ്പർ ഓർഡിനൻസായി 2012 ജനുവരി 19-ാം തീയതിയിലെ 133-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള

സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ്, 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 34-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 736-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

6. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ് (2012-ലെ 34) 2012 ജൂലൈ 23-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു. കേരള നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതായിട്ടുള്ളതിനാലും പ്രസ്തുത ഓർഡിനൻസിനു പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ സാധൂകരിക്കുന്നതിനുംവേണ്ടി 2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ് (2012-ലെ 42) 2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 42-ാം നമ്പർ ഓർഡിനൻസായി 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 1697-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2012-ലെ 42-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 3-ാം ഖണ്ഡം അതോറിറ്റി രൂപീകരിക്കാനും ബില്ലിന്റെ 7-ാം ഖണ്ഡം അംഗങ്ങൾക്ക് ശമ്പളവും മറ്റ് ബത്തകളും നൽകാനും വ്യവസ്ഥ ചെയ്യുന്നു. ബില്ലിന്റെ 10-ാം ഖണ്ഡം അതോറിറ്റിയിലേക്ക് ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ബില്ലിന്റെ 15-ാം ഖണ്ഡം ബഡ്ജറ്റിൽ നിശ്ചയിച്ചേക്കാവുന്ന ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായി അതോറിറ്റിക്ക് അതിന്റെ കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് ആവശ്യമായ ഗ്രാന്റുകളും അഡ്വാൻസുകളും സർക്കാർ അതോറിറ്റിക്ക് നൽകാൻ വ്യവസ്ഥ ചെയ്യുന്നു. ബില്ലിന്റെ 17-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം അതോറിറ്റിയുടെ വർഷംതോറുമുള്ള ആഡിറ്റുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവ് അതോറിറ്റി അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥകൾ അനുസരിച്ച് അതോറിറ്റിയുടെ രൂപീകരണത്തിനും ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ശമ്പളം, മറ്റ് അലവൻസുകൾ, അടിസ്ഥാന സൗകര്യങ്ങൾ, അതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, ആഡിറ്റുമായി ബന്ധപ്പെട്ട ചെലവ് എന്നിവയ്ക്കായി സംസ്ഥാന ഖജനാവിൽ നിന്ന് ഏകദേശം 28,50,000 രൂപ ആവർത്തന ചെലവും 12,00,000 രൂപ അനാവർത്തന ചെലവും വഹിക്കേണ്ടതായിവരും.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം വിജ്ഞാപനംമുഖേന, കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡം വിജ്ഞാപനംമുഖേന, അതോറിറ്റിയിലെ ചെയർ പേഴ്സണേയും മറ്റംഗങ്ങളേയും തെരഞ്ഞെടുക്കുന്ന ആവശ്യത്തിലേക്കായി ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം അതോറിറ്റിയിലെ അംഗങ്ങൾക്കും ചെയർപേഴ്സണും നൽകേണ്ട ശമ്പളവും ബത്തകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം അതോറിറ്റിയിലെ ചെയർപേഴ്സന്റെയോ അംഗങ്ങളുടെയോ പെരുമാറ്റദൂഷ്യം തെളിയിക്കപ്പെടുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം അതോറിറ്റിയിലേക്ക് ഒരു സെക്രട്ടറിയേയും ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയോഗിക്കുന്നത് സംബന്ധിച്ച രീതിയും ഉപാധികളും വ്യവസ്ഥകളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 13-ാം ഖണ്ഡത്തിലെ (xiii)-ാം ഇനം, വിജ്ഞാപനംമൂലം, പ്രസ്തുത ഖണ്ഡങ്ങളിൽ പറയാത്ത മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും അതോറിറ്റിയെ ഏൽപ്പിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 16-ാം ഖണ്ഡം അതോറിറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള ഫാറവും സമയവും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൽ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 17-ാം ഖണ്ഡം അതോറിറ്റിയുടെ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട അങ്ങനെയുള്ള ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 18-ാം ഖണ്ഡം അതോറിറ്റിയുടെ ഓരോ വർഷത്തെയും പ്രവർത്തന വാർഷിക റിപ്പോർട്ട് തയ്യാറാക്കാനുള്ള അങ്ങനെയുള്ള ഫാറവും അങ്ങനെയുള്ള തീയതിയും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 19-ാം ഖണ്ഡം പൊതുവായ ആസൂത്രണവും ഏകോപനവും ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കാര്യങ്ങളിൽ അതോറിറ്റിക്ക് നയപരമായ നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 22-ാം ഖണ്ഡം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെ ആയത് നീക്കം ചെയ്യുന്നതിനുവേണ്ട ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 23-ാം ഖണ്ഡം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

13. ബില്ലിലെ 24-ാം ഖണ്ഡം ക്ഷമതയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ ഓരോ പദ്ധതിയുടേയും പ്രാഥമിക തർക്കപരിഹാര ഉദ്യോഗസ്ഥനായി ഇതിനായി പുറപ്പെടുവിക്കുന്ന ഉത്തരവിലൂടെ നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

14. ബില്ലിലെ 25-ാം ഖണ്ഡം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, അതോറിറ്റിയുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. ജെ. ജോസഫ്

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

ഖണ്ഡം 2.—ഈ ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 3.—വിജ്ഞാപനംമൂലം കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 4.—അതോറിറ്റിയുടെ ഘടന വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 5.—വിജ്ഞാപനംമൂലം സെലക്ഷൻ കമ്മിറ്റിയുടെ രൂപീകരണവും ചുമതലകളും വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 6.—അതോറിറ്റിയിലെ ചെയർപേഴ്സന്റേയും അംഗങ്ങളുടേയും ഉദ്യോഗകാലാവധി വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 7.—അംഗങ്ങളുടെ ശമ്പളവും ബത്തകളും നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 8.—അതോറിറ്റിയിലെ ചെയർപേഴ്സന്റേയും അംഗങ്ങളുടേയും സേവന വ്യവസ്ഥകൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 9.—അതോറിറ്റിയിലെ അംഗത്വത്തിനുള്ള അയോഗ്യത വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 10.—അതോറിറ്റിയിൽ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയോഗിക്കുന്നതിനുള്ള അധികാരവും അവരുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 11.—അതോറിറ്റിയുടെ സിറ്റിംഗിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 12.—അതോറിറ്റിയിൽ ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നു എന്ന കാരണത്താൽ അതോറിറ്റിയുടെ പ്രവർത്തിയെയോ നടപടിയെയോ ചോദ്യം ചെയ്യാനോ അസാധുവാക്കപ്പെടാനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 13.—അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 14.—അതോറിറ്റിയുടെ പൊതുനയങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 15.—അതോറിറ്റിക്ക് ഗ്രാന്റുകളും അഡ്വാൻസുകളും നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 16.—അതോറിറ്റിയുടെ ബഡ്ജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 17.—അതോറിറ്റിയുടെ അക്കൗണ്ടുകൾ തയ്യാറാക്കേണ്ട വിധം വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 18.—അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട വിധം വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 19.—അതോറിറ്റിക്ക് നയപരമായ നിർദ്ദേശം നൽകുന്നതിനുള്ള സർക്കാരിന്റെ പൊതു അധികാരങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 20.—അതോറിറ്റിയുടെ ചെയർപേഴ്സനും അംഗങ്ങളും ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും പബ്ലിക് സർവന്റ്സ് ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 21.—അതോറിറ്റിയുടെ ചെയർപേഴ്സണോ അംഗങ്ങളോ സെക്രട്ടറിയോ മറ്റു ജീവനക്കാരോ ഉത്തമവിശ്വാസത്തിലെടുത്ത നടപടിക്ക് സംരക്ഷണം ഉറപ്പാക്കാൻ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 22.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ, ഉത്തരവുമൂലം നീക്കം ചെയ്യുന്നതിന് സർക്കാരിനെ അധികാരപെടുത്താൻ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 23.—സർക്കാരിന് വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 24.—ഓരോ പദ്ധതിയുടേയും പ്രാഥമിക തർക്കപരിഹാര ഉദ്യോഗസ്ഥരെ ഉത്തരവിലൂടെ അധികാരപ്പെടുത്താൻ സർക്കാരിന് അധികാരം നൽകുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 25.—റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അതോറിറ്റിയുടെ അധികാരം വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 26.—2012-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി (ഓർഡിനൻസ്) (2012-ലെ 42) റദ്ദാക്കുന്നതിനും അപ്രകാരം റദ്ദാക്കപ്പെട്ട ഓർഡിനൻസിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കണക്കാക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.